(ബി) ഈ വകുപ്പിൽ ഇപ്പോൾ എവിടെ എത്ര ആഫീസർമാർ ഉണ്ട് ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) പൊതു ആവശ്യത്തിനു് ഭൂമി അക്വയർ ചെയ്യുന്നതിനു് കാലതാമസം നേരിടാതിരിക്കുവാൻ "Urgency Clause" അനുസരിച്ചു് നടപടി എടുക്കുവാൻ അത്യാവശ്യമുള്ള കേസുകൾ ഗവണ്മെൻറ് അനുവാദം കൊടുക്കാറുണ്ടു്. അങ്ങനെയുള്ള കേസുകളിൽ തിരുവിതാംകൂർ പൊന്നുംവില ആക്ടു് 9-ാം വകുപ്പും, കൊച്ചിൻ ആക്ടു് 5-ാം വകുപ്പും അനുസരിച്ചു് പ്രസ്യം പ്രസിദ്ധപ്പെടുത്തി 15 ദിവസം കഴിയുന്ന മുറയ്ക്കു് സ്ഥലം കൈവശപ്പെടുത്തുന്നതിനു് നിബന്ധനയുണ്ടു്. സാധാരണ കേസുകളിൽ ഭൂമി എടുക്കുന്നതിനു് താമസം നേരിടാതിരിക്കുന്നതിനു് വേണ്ടി ഡിസ്ട്രിക്ടു് കളക്ടറന്മാരുടെ റിപ്പോർട്ടുകൾ നേരിട്ടു് ഗവണ്മെൻറിലേക്കു് അയയ്ക്കുന്നതിനും അനുവാദം കൊടുത്തിട്ടുണ്ടു്. കളക്ടറന്മാരുടെ അധികാരങ്ങളോടുകൂടി അക്വിസിഷൻ ജോലിക്കു് തന്നെയായി പ്രത്യേകം ഉദ്യോഗസ്ഥന്മാരെയും നിയമിച്ചിട്ടുണ്ടു്.

(ബി) അക്വിസിഷൻ ആഫീസറന്മാരുടെ പട്ടിക.

(1) എല്ലാ ഡിസ്ട്രിക്ടു് കളക്ടറന്മാരും,

(2) സ്പെഷ്യൽ ലാൻഡ് അക്വിസിഷൻ ആഫീസർ, നെയ്യാർ ഇറിഗേഷൻ സ്കീം, കാട്ടാക്കട.

(3) വി. ആർ. ഡി. ലാൻഡ് അക്വിസിഷൻ ആഫീസർ, നാഞ്ചേൺ സർക്കിൾ, എറണാകുളം.

(4) വി. ആർ. ഡി. ലാൻഡ് അക്വിസിഷൻ ആഫീസർ, നേരേൺ സർക്കിൾ, തിരുവനന്തപുരം.

(5) സ്പെഷ്യൽ ലാൻഡ് അക്വിസിഷൻ ആഫീസർ, ഇലക്ട്രിസിറ്റി, പള്ളം.

(6) സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ, കൊല്ലം-എറണാകുളം റയിൽവേ, കൊല്ലം.

(7) സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ, കൊല്ലം-എറണാകുളം റയിൽവേ, കോട്ടയം.

(8) സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ, നാഷണൽ ഹൈവേസ്, കൊല്ലം.

(9) സ്പെഷ്യൽ ലാൻഡ് അക്വിസിഷൻ ആഫീസർ, ഇറിഗേഷൻ സ്കീം, തൃശ്ശൂർ.

കാലടി പൗലൻറെ മരണത്തെപ്പറ്റിയുള്ള അന്വേഷണം.

*98. [41] ശ്രീ. പി. കെ. യശോധരൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരകാര്യമന്ത്രി സദയം മറുപടി പറയുമോ :

(എ) കാലടി പൗലൻ എന്നയാളിൻറെ മരണത്തെപ്പറ്റിയുള്ള പരാതികളെ അസ്വദമാക്കി പോലീസ് മുഖേന അല്ലാതെ എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ എന്താണു് ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജാൺ) :

(എ) ഉണ്ടു്.

(ബി) ഗ്രൂപ്പർ ഡിസ്ട്രിക്ട് കളക്ടറോടു് പപ്പുവിന്റെ മരണത്തിനു് ആസ്പദമായ വിവരങ്ങളെപ്പറ്റി അന്വേഷിച്ചു് ഗവണ്മെൻറിനു് ഒരു റിപ്പോർട്ടു് സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ടു്.

തമിഴ്നാട്ടു് പ്രക്ഷോഭണം സംബന്ധിച്ചുള്ള അന്വേഷണം.

* 99. [42] ശ്രീ. പി. കെ. യശോധരൻ : താഴെ പറയുന്ന ചോദ്യത്തിനു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

തമിഴ്നാട്ടു് പ്രക്ഷോഭണം സംബന്ധിച്ചുണ്ടായ അനിഷ്ടസംഭവങ്ങളെപ്പറ്റി എന്തെങ്കിലും അന്വേഷണം ഈ മന്ത്രിസഭയുടെ കാലത്തു് നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്താണു് ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജാൺ) : പ്രത്യേക അന്വേഷണങ്ങളൊന്നും നടത്തിയിട്ടില്ല.

മരിച്ചീനി സഹകരണസംഘങ്ങൾ.

* 100. [43] ശ്രീ. ഡി. വിവേകാനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തു് പുതുതായി എത്ര മരച്ചീനി സഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടു് ;

(ബി) ഈ സംഘങ്ങൾ എന്തു പ്രവർത്തനമാണു് നടത്തുന്നതു്;

(സി) മരച്ചീനിമാവു് കൊണ്ടുള്ള വ്യവസായങ്ങൾ തുടങ്ങുന്നതിനുള്ള പ്രവർത്തനം എത്തുവരെയായി ;

(ഡി) സാഗോ ഫാക്ടറിയും ഗ്ലൂക്കോസു് ഫാക്ടറിയും എന്നു് തുടങ്ങാൻ കഴിയുമെന്നാണു് പ്രതീക്ഷിക്കുന്നതു് ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജാൺ) :

(എ) പുതുതായി 194 മരച്ചീനി സഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടു്.

(ബി) ഗവണ്മെൻറിനു് വിൽക്കാനായി കപ്പ വിലയ്ക്കെടുക്കുന്നു.

(സി) ഈ കാര്യത്തെപ്പറ്റി 'മരച്ചീനി വിപണി വികസന ബോർഡു്' പരിഗണിച്ചുകൊണ്ടിരിക്കുന്നു.

(ഡി) ഇതു് സംബന്ധിച്ചു് തീരുമാനമായിട്ടില്ല.

കാർഷിക കാളേജു്.

* 101. [45] ശ്രീ. കെ. കൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തു് ഒരു കാർഷിക കാളേജു് സ്ഥാപിക്കുവാൻ കേന്ദ്രഗവണ്മെൻറിനോടു് ഈ ഗവണ്മെൻറു് എന്തെങ്കിലും ധനസഹായം അഭ്യർത്ഥിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly